
കാലം ചെയ്ത ഡോ: യൂഹാനോൻ മാത്തോമ്മാ മെത്രാപ്പോലീത്താ യുടെ ദേഹവിയോഗം.

സഭാചരിത്ര സംക്ഷേപം

പാട്ടുകൾ

1977



by:

T. V. PHILIP, Retd: H. M.
RANNI.

ഒന്നാം പതിപ്പ്] [കോപ്പി 1000

വില 75 സ:

അഭിപ്രായം.

Mar Thoma Syrian Church of Malabar.
MAR THOMA SUBHA OFFICE
TIRUVALLA.

No. 3356/76.

Secretary,
Rev. C. C. ALEXANDER.

Date 23-12-1976.

To Sri T. V. PHILIP

സാറിന്റെ സുഭൃമങ്ങളെ അഭിനന്ദിക്കുന്നു. കലാവാസനയും, സുവിശേഷതീക്ഷ്ണതയും, സൃഷ്ടിപരമായ പ്രവർത്തനങ്ങളും വിജയകരമായി തീരുവാൻ പ്രാർത്ഥിക്കുന്നു. പാട്ടുകൾ രചിക്കുവാനും, കവിതകൾ പഠിപ്പിക്കുവാനും സാറിനുകഴിവുണ്ടെന്നു് നേരത്തെ എനിക്കു് അറിയാവുന്നതാണു്

കർത്തൃശുശ്രൂഷയിൽ (ഒപ്പു്)
സഭാസെക്രട്ടറി, റവ: സി. കെ. അലക്സാണ്ടർ.

അവതാരിക.

പ്രൊ. വി. ടൈറസ് വറുഗീസ് എം. എ. മാർത്തോമ്മാ സഭാചരിത്രത്തെയും സഭാധ്യക്ഷന്മാരേയും അവലംബമാക്കി ശ്രീ. റ്റി. വി. ഫിലിപ്പു് രചിച്ച കവിതകളും കീർത്തനങ്ങളും അഭിനന്ദനാർഹമത്രേ. വി. വേദപുസ്തകംപോലെതന്നെ സഭാചരിത്രവും, കവികളുടേയും കലാകാരന്മാരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ട വിഷയമാണു്.

ഫിലിപ്പു് സാറിന്റെ ഏതാട്ടശമായ യത്നങ്ങൾക്കു് വിജയം ആശംസിക്കുകയും സഭാംഗങ്ങളായ വായനക്കാരുടെ പ്രോത്സാഹനം ലഭിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു,

മല്ലപ്പള്ളി,
5-1-1977.

പ്രൊ. വി. ടൈറസ്-
വറുഗീസ് എം. എ. (ഒപ്പു്)

അവതാരിക.

മഹാകവി പുത്തൻകാവു് മാത്തൻതരകൻ

മലാഖീ പ്രവചന പുസ്തകവ്യാഖ്യാനം, 64 രക്ത സാക്ഷികളുടെചരിത്രം, ഏബ്രഹാം ബിഷോപ്പിനെക്കുറിച്ചുള്ളപ്പാട്ടു്, ബാലഗീതാവലി, ആനന്ദഗീതാവലി, എന്നീഗദ്യപദ്യകൃതികളുടെകർത്താവും, റാന്നിയൂണിയൻക്രിസ്ത്യൻഗോസ്പൽടീമിന്റെ പ്രസിഡൻറും, സേവനസന്നദ്ധതയുള്ള ഒരു സുവിശേഷ പ്രവർത്തനും റിട്ടയർഡ് ഹെഡ്മാസ്റ്ററുമായ തയ്യിൽ ശ്രീ. റ്റി. വി. ഫിലിപ്പ് ഡോക്ടർ യൂഹാനോൻ മാർത്തോമ്മാമെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെ അനുസ്മരിച്ചു് രചിച്ച ഒരു കാവ്യമാണു് ഈ ഗ്രന്ഥം. മഞ്ജരി; തരംഗണി; എന്നീ രണ്ടു മാത്രാവൃത്തങ്ങളിലാണു് ഈ കൃതിയുടെരചനയ്ക്കു് ശ്രീ ഫിലിപ്പ് സ്വീകരിച്ചിട്ടുള്ളതു്.

അഭിവന്ദ്യ തിരുമേനിയുടെ ദേഹവിയോഗത്തിൽ ലോകജനതയ്ക്കുണ്ടായ നേരിട്ടദുഃഖമാണു് മഞ്ജരിവൃത്തത്തിൽ രചിച്ചിട്ടുള്ള വരികളിൽ പ്രകടമായികാണുന്നതു്. തരംഗണീവൃത്തത്തിലുള്ളകവിത കബടറക്കുശ്രുഷയുടെ സമ്പൂർണ്ണവിവരമാണു്.

വാസനാ വൃദ്ധത്തി, അഭ്യാസം ഈ മൂന്നുശക്തികളാണു് കവിതകളെ കാവ്യരചനയ്ക്കുസഹായിക്കുന്നതു്. ഇവയിൽവാസനാബലമാണു് ശ്രീ റ്റി. വി. ഫിലിപ്പിൽമുന്തിനില്ക്കുന്നതെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. മാർത്തോമ്മാസഭയുടെ പുരോഗതിക്കും ക്രൈസ്തവസഭകളുടെ ഐക്യത്തിനും ദീനസംരക്ഷണത്തിനും ആജീവനാന്തം പരിശ്രമിച്ചിട്ടുള്ള ലോകാരാധ്യനായ യൂഹാനോൻ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായോടുള്ള ഗ്രന്ഥകാരന്റെനിസ്സീമവും നിഷ്കളങ്കവുമായഭക്തിതിങ്ങിനില്ക്കുന്നഈ ചെറുകൃതിക്കു് പ്രചുരപ്രചാരം സിദ്ധിക്കട്ടെ. കേരി

സംവദ്ധകങ്ങളായകാവ്യങ്ങളം രചിച്ച് ഗ്രന്ഥകാരൻ
സഭയെധന്യമാക്കുവാൻ ജഗദീശ്വരൻസഹായിക്കട്ടെ.

പത്തനംതിട്ട. ഒപ്പ്.
5-1-1977 മഹാകവിപുത്തൻകാവ്
മാത്തൻ തരകൻ

മുഖവുര.

മാത്തോമ്മാസഭയിലെ ദിവംഗതരായ മേൽപ്പട്ടക്കാരുടെ ജീവചരിത്രവും, സഭയുടെ ചരിത്രവും രേഖപ്പെടുത്തിക്കാണണമെന്ന് സമുദായാഭിമാനികളായ പലർക്കും വാഞ്ഛയുണ്ട് ആഗ്രഹത്തിൽ എഴുതിയിരുന്നാൽ പ്രായനയിൽ അഭിരുചിയുള്ളവരും ചരിത്രാന്വേഷികളുംമാത്രമെ പാരായണം ചെയ്യുകയുള്ള ബഹുമാന്യരായ ജെ. വറുഗീസ് ശിരസ്തദാർ ദിവ്യശ്രീ എം. സി. ജോജ്ജ് കശ്ശീശ്ശാ ഫ്രോ. വി. ടൈറസ് വറുഗീസ്, എം. എ. തുടിയായവർ ഗദ്യരൂപത്തിൽ ചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാവ്യരൂപത്തിൽ പുസ്തകങ്ങൾ ചമച്ചാൽ ബാലവൃദ്ധാംജനങ്ങളും ശ്രദ്ധിക്കുവാൻ എളുപ്പമുണ്ട് എന്നുള്ള വാശ്വാസത്തോടെയത്രെ പ്രസ്തുതവിഷയത്തിലേക്കുഞാൻ പ്രവേശിച്ചത്. ഈ ഗ്രന്ഥം ചമയ്ക്കുന്നതിനു പല മഹാന്മാരും എഴുതിയ ചരിത്ര പുസ്തകങ്ങൾ എനിക്കുസഹായിച്ചിട്ടുണ്ട് ആഗ്രന്ഥകാരന്മാരോട് ഞാൻ കൃതാർത്ഥനാണു്

ക്രൈസ്തവർ പലരും കവനപാടവം ഇല്ലാത്തവരാണെന്നു് സാധാരണജനങ്ങൾക്കും പറയാവുണ്ടു് കവിതയുടെ വിത്തു് സർവ്വരാൽ ക്രൈസ്തവഹൃദയങ്ങളിലും വിതച്ചിട്ടുണ്ടു്. എന്നാൽ അവ മുളച്ചുവളരുന്നതിനു് സൗകര്യങ്ങൾ അവരുടെ ഇടയിൽ അധികമില്ല.

റാന്നിയിൽവെച്ചു നടത്തിയ ഒരു അനുശോചന മീറ്റിംഗിൽ ഈ മഹാകൃതിയുടെ കർത്താവു് പൊല്ലുന്നതിനു് അവസരം എനിക്കു ലഭിച്ചു. അവിടെ ആഗരായിരുന്ന ബഹുധനകാര്യമന്ത്രിയും അഭിവന്ദ്യരായ തിരുമേനിമാരും വിവിധസഭകളിലുള്ള വൈദികരും ബഹുമാന്യരായജനങ്ങളും സന്തോഷം പ്രകടിപ്പിക്കുകയും ചിലർ ഇതു് അച്ചടിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഈ കൃതിക്കുവേണ്ടി എന്നെ പ്രോത്സാഹിപ്പിക്കുകയും അഭിപ്രായങ്ങളും അവതാരികകളും എഴുതി സഹായിക്കുകയുംചെയ്ത എല്ലാ മഹാന്മാരോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടു് ക്രിസ്തുവിന്റെ പാദാരവിന്ദങ്ങളിൽ ഈ കൃതി വിനയപൂർവ്വം കാഴ്ചവച്ചു് മുഖവുര ഉപസംഹരിച്ചുകൊള്ളുന്നു.

റാന്നി,
5-1-77.

ഗ്രന്ഥകർത്താ
റവ. വി. ഫിലിപ്പ്

കാലംചെയ്ത ഡോ: യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെപ്പറ്റിയുള്ള പാട്ട്.

മഞ്ജരി.

മാർത്തോമ്മാസഭതൻ മണ്ഡലെ ശോഭിച്ചോ-
രുത്തുംഗതാരകമെങ്ങുപോയി ?
പന്ത്രണ്ടായിരം മർത്യരിപ്പാരിങ്ക-
ലാർത്തുഖേദിക്കുവാനെന്തു ബന്ധം. ?
സത്തമന്മാരായോരുന്നതവ്യക്തികൾ
കുത്തിജ്വലിച്ചു മറഞ്ഞുപോകും
ഇത്തരം വാർത്തകൾ കൊല്ലിടാനെന്തൊടെ
ചിത്തത്തിനേതുമെ ശക്തിയില്ല,
പാണികൾ മുത്തിടാം പാദവും മുത്തിടാം
താണുവണങ്ങുന്നേൻ സ്നേഹമൂർത്തെ !
ആതുരരോദനം കേട്ടാലുരുകുന്ന
ഹൃത്തടം ചിക്കുന്ന നിന്നുപോയോ ?
സ്നേഹമകന്നും തുകുമച്ചൂണ്ടുക-
ളാഹാ! മരവിച്ചുപോയതെന്തെ ?
കക്ഷിയൊ പക്ഷമൊ നോക്കാതെ സ്നേഹിച്ചോ
രക്ഷികൾ വേഗമടഞ്ഞുവല്ലൊ
കുഞ്ഞാട്ടിൻ ചോരയാൽ പാപങ്ങൾമായിച്ചു
കുഞ്ഞാട്ടിൻ വാർത്തകൾ പാരിന്നേകി.
നാനാസഭകളുമൊന്നായിത്തീരുവാൻ
കന്യാസുതനോടു പ്രാർത്ഥിച്ചുവൻ
സാമൂഹ്യകാര്യത്തിൽ ശ്രദ്ധപതിച്ചുവൻ
സാഹിത്യകാരന്മാർ വാഴ്ത്തിയവൻ

ഉത്തമ മാതൃക മാനിച്ചുമന്ത്രിമാർ
പത്രങ്ങളെല്ലാമെ കീർത്തിക്കയായ്
വിസ്മയമായചരിതമങ്ങോക്കുകിൽ
വിസ്മൃതിച്ചീടുമോ ലോകരെല്ലാം.
പാരിച്ചുഭാരങ്ങളേറുമ്പോഴുമ്പോഴും
ചോരവിയത്തതാ ചെങ്കുപ്പായം
അഗ്നിപരീക്ഷയിൽക്കുടെഗമിച്ചവൻ
അഗ്നിയിൽ വീഴാതെ ഈശൻകാത്തു
എത്രയോദുർമ്മുഖം കാണിച്ചുതന്നെനേ
ക്കെത്രശകാരംപൊരിഞ്ഞു നിത്യം
എങ്കിലുമായവ സൗഖ്യപ്രദമെന്നു
തന്നെയുരചെയ്തു തൻമുഖാബ്ജം
പുഞ്ചിരിയായൊരു തൂനിലാവേറുനി
ന്നെത്രയൊമാനസംപീയൂഷമായ്
കാരുണ്യമുള്ളതാം കൺമുനമൂലമായ്
നാനാമസ്ഥതരും ഏകമായി.
മാധുര്യവാക്കുകൊം ഭാരതത്രയിയിൽ
ക്ലേസൽക്കുടാതങ്ങു ഘോഷിച്ചുതാൻ
റീത്തുകാർ യാക്കോബ്യർ സി. എസ്സ്. ഐ. സഭയും
കൽദായർ തോഴിയൂർ ഒത്തിണങ്ങി
വിസ്മയം തന്നുടെ ഉദ്യമമെത്രയും
സാഫല്യം കൈവന്നു ഭാരതത്തിൽ
എത്രമാത്രംക്ഷമ എത്ര പരിശ്രമം
എത്രസഹിച്ചു സഭയ്ക്കുവേണ്ടി.
അബ്ലിതന്നാഴത്തിൽ മുങ്ങിക്കുഴയുവോർ
മുത്തുലഭിച്ചകൃതാർത്ഥരാകും
കുന്നുപോലോറിയ പ്രശ്നമൊഴിഞ്ഞല്ലൊ
ഉന്നതവൈദിക ഭാഗ്യവാനെ !
മാലാഖമാരഞ്ജനാകത്തിൽ പൂകിപ്പാൻ

തേരുമായ് സാദരം വന്നനേരം
യേശുവിൻ മാർവ്വതിൽ ചേരട്ടെയെന്നുള്ള
ഗനേങ്ങം ചൊല്ലുവാനാജ്ഞാപിച്ചു.
നേത്രത്തിൽ ബാഷ്പങ്ങളം തിങ്ങിത്തുളുമ്പിയ
സഹ്രഗനേറവും സ്സബ്ധനായി.
ഈശോമാർതീമോത്തിയോസ് വെമ്പൽപൂണ്ടേകിയ
തായമങ്ങാചപിച്ചന്ത്യമായി.
ഭുവിലെതന്നുടെ കർത്തവ്യമത്രയും
ചാരത്തുനിന്നോരെ ഏല്പിച്ചുതാൻ
യേശുവിൻ മാർവ്വതിൽ വിശ്രമിപ്പാനായി–
ട്ടെന്നേക്കുമായിത്താൻ നിദ്രപൂണ്ടു.
കണ്ണീരൊഴുക്കുന്നു കാണികൾനിന്നങ്ങു
മണ്ണിൽമറയുന്ന കാര്യമോർത്തു
രാജാവും ഭിക്ഷുവും പണ്ഡിതജാലവും
ലോകംവെടിഞ്ഞങ്ങുപോകുന്നനേരം
ജാതരായോക്കെല്ലാം മൃത്യുസുനിശ്ചയം
വേളയോ നിർണ്ണയിക്കാവതല്ല.
മൃത്യുവിൻതേരൊലി കേൾപ്പതിൻമുന്നമ
ങ്ങാത്മാവിൻ കാര്യങ്ങൾനേടിടേണം.
ക്ഷീണരെത്താങ്ങുന്നകൈകൾക്കുകോതര്യം
കാണിയുംകാണില്ല ക്ഷോണിതന്നിൽ
സാധുക്കൾ വന്നെത്ര ഖേദിച്ചു നിന്നുപോയ്
ആർത്തുകരയാത്തോർ പാരിലില്ല
പാരിന്നധിപൻ തൻ വാക്കുകളൊന്നുമെ
പാഴായിപ്പോകയില്ലേതുനാളും
ഭൂവുതൻ മാഗ്ഗത്തിൽനിന്നു ചലിച്ചാലും
വേദോക്തി മാറുവാൻ സാധ്യമല്ല

മൺമയർ മണ്ണിലെ പോകണമെന്നുള്ള
യാഹിന്റെ വാക്കിനു മാറ്റമില്ല.
സർവ്വജഗൽപതിയായ വാനീശനെ
ദുർവ്വാര ദു:ഖം ശമിപ്പിക്കുവാൻ
തക്കതായുള്ളോരു വൈദികശ്രേഷ്ഠനെ
തക്കസമയത്തുനൽകുമീശൻ.
കാട്ടിലും നാട്ടിലും മേട്ടിലും തോട്ടിലും
കോട്ടം പെരുത്ത കടൽ നടുക്കും.
വിഷ്ണുപനായ കനീവിധപാലനം
സൃഷ്ടികൾക്കൊക്കെയുള്ളീടുന്നു.
എങ്ങിനെ കാര്യങ്ങൾ പോയീടുമെന്നുള്ള
തിങ്ങിന ഖേദമോ വേണ്ടിനിയും.
ഏകമഖിലേശനല്പത്തിനാശങ്ക–
ളില്പവുമില്ലാത്ത നിത്യമൂർത്തി
വർത്തമാനം ഭൂതഭാവികളൊക്കെസു–
വ്യക്തമറിയുന്ന ദിവ്യനേത്രൻ
ഇന്നെയോളം തന്റെ കാരുണ്യം മൂലമായ്
ശോഭിച്ചു നന്ദിയാൽ വാഴ്ത്തുമെന്നും.

തരംഗണിവൃത്തം.

തിരുമനസ്സയ്യൊ കാലംചെയ്തെന്നു
ള്ളൊരു വാർത്ത നാട്ടിലറിഞ്ഞു.
കമ്പിയടിച്ചു ഫോണുവിളിച്ചു
സൈറനൂതി പല ഭാഗത്തും
മണികളടിച്ചു കാറുകളോടി
രക്ഷാവണ്ടികളും സ്കൂട്ടറുമോടി
ലോറികളും ബസ്സുകളൊക്കെപ്പാഞ്ഞു.
വൈദികർ ട്രസ്റ്റികളും കപ്യാരും പല
കമ്മറ്റിക്കാരൊക്കെപ്പാഞ്ഞു.

ഒമ്പതൽ പൂണ്ട ജനാവലി വന്നു
കോട്ടയമാകെ നിറഞ്ഞുകവിഞ്ഞു.
പൂരികളറിഞ്ഞു ഗ്രാമമറിഞ്ഞു
മദ്രാസ് ബാംഗ്ളൂരൊക്കെയറിഞ്ഞു.
ബോംബയറിഞ്ഞു ഡൽഹിയറിഞ്ഞു.
കല്ക്കട്ടായും തപരിതമറിഞ്ഞു.
ബോപ്പാൽ, ലക്നൗ, സിങ്കപ്പൂരും
ബംഗാളം, ബമ്മായൊക്കെയറിഞ്ഞു.
ചൈനാ ജപ്പാനൊക്കെയറിഞ്ഞു
ആസ്ട്രാഹ്ലജറാത്തൊക്കെയറിഞ്ഞു
ഉത്തരപ്രാദേശൊക്കെയറിഞ്ഞു
കാഷ്മീർ മൈസൂർതപരിതമറിഞ്ഞു
ബീഹാർ പഞ്ചാബൊക്കെയറിഞ്ഞു
ആസാം ബൂട്ടാൻ നാട്ടിലുമെത്തി
ജർമ്മനിയിറവലി രാജ്യമറിഞ്ഞു
ഇംഗ്ലണ്ടയർലൻഡൊക്കെയറിഞ്ഞു
കാനഡ സിസിലിയൊക്കെയറിഞ്ഞു
ലക്ഷദീപുകളൊക്കെയറിഞ്ഞു
മന്ത്രികം ബന്ധുജനങ്ങളുവന്നു
ഹന്തനിനവ്വാലെന്നൊരുഭീതി
വെന്തുരുകുന്നു ഹൃദന്തരമെല്ലാം
എന്തെന്നില്ലാതുള്ളൊരുഖേദം
എന്തെങ്കിലുമൊരു വാർത്ത ചമപ്പാൻ
സന്താപത്താൽ ശക്തിയുമില്ലാ
എന്തിനുദ്ദ:ഖം ബന്ധുജനങ്ങൾ
ക്കന്ത്യത്തിങ്കലീവിധമല്ലെ

സ്വന്തവിചാരം ക്ഷോതഖിലരു-
മന്തിമചിന്തയതിങ്കലുഴന്നു
ശ്രേഷ്ഠപുരോഹിത ദേഹവിയോഗം
സഭയിൽ സംഭ്രമമുളവാകുന്നു.
സഭയിൽ മുഖ്യർ വന്നുതുടങ്ങി
സഭകം പലതും ചേർന്നുതുടങ്ങി.
തിരുനക്കരയാം മൈതാനത്തിൽ
തിരുമനസ്സിന്റെ മൃതദേഹത്തെ
തിരുമുടിയോടെ വെച്ചുതുനേരം
തിരുവുടലുടനടി കണ്ടിടുവാനായ്
ഇരുഭാഗത്തും മുൻഭാഗത്തും
തരുണികൾ പൂരുഷർ വന്നുനിറഞ്ഞു.
അനവരതം പലരീത്തികൾവെച്ചു.
വന്ദ്യനെ വാഴ്ത്തി സ്തുതിചെയ്തുവരും
ഉന്നതനായി പരിശോഭിച്ചൊരു
വന്ദനയോഗ്യൻ കാലംചെയ്തു.
സ്ഥാപനമെല്ലാം റീത്തുകൾവെച്ചു.
വിപണികൾതോറും റീത്തുകൾവെച്ചു.
കരുകനിറമായുള്ള പതാക
കാറുകൾതോറും പാറിയിരുന്നു.
നൂറുകണക്കിനു വാഹനമപ്പോൾ
അരമനനോക്കി ഗമിച്ചുതുടങ്ങി
രാവിലൊരേഴരമണിയായപ്പോൾ
തിരുവല്ലാപ്പുരി നോക്കിഗമിച്ചു
സംഖ്യയുരയ്ക്കാൻ കഴിയാതുള്ളൊരു
ജനനിബിഡം ഞാൻകണ്ണിൽകണ്ടു

അരുണനരുദിക്കും നേരംമുതലെ
പരവശരായങ്ങോടിയണഞ്ഞു
ഇങ്ങിനെമുമ്പിൽ കണ്ടിട്ടില്ല.
പൊങ്ങിന ഖേദം പൂണ്ടജനങ്ങം
ഇങ്ങിവനെങ്ങനെ വാത്തയരുള്ളം
തിങ്ങിനവേനേ മൂലമസാദ്ധ്യം
ആറുമണിക്കിഹജനതതിവന്നു.
കൃവായിട്ടവർ നിന്നുതുടങ്ങി
എരിപൊരിയുന്നൊരു വെയിലുംകൊണ്ട്
മുന്നരമണിയാം സമയംവരെയും
പല പല സഭകം വന്നുതുടങ്ങി
മിണ്ടാതങ്ങുനടക്കും ക്ഷേത്രജനത്തെ-
കണ്ടുനടന്നക്കന്നിൽ ഞാനും
ഉന്നതവൈദികർ വന്നുതുടങ്ങി
മന്ത്രിപ്രമുഖർ വന്നുതുടങ്ങി
ജഡ്ജികളും പല അഭിഷേകരും
രാഷ്ട്രത്തലവന്മാരും വന്നു.
ഡി. എസ്. പി.യും സർക്കിളുമൊക്കെ
ക്രമപരിപാലനമൊക്കെ നടത്തി
ലോക്കൽ പോലീസെക്രട്ടറിയും
ലാത്തിയുമേന്തിനടപ്പൂ കണ്ടു.
മുന്നുമണിക്കപ്പള്ളിക്കുള്ളിൽ
വേദനകലരും പ്രാർത്ഥനയായി
മുന്നരമണിയും നേരത്തിങ്കൽ
മൃതദേഹത്തെയെടുത്തുകൊണ്ട്
നഗരീദർശനമെന്നപടങ്ങിനു
മന്ദം മന്ദം പോവതുകണ്ടു
തെളതെളമിന്നും കുരിശുകളിന്മേൽ

മണികൂടംകിലുങ്ങി കേറംക്കുകയായി
അനവധികുരിശ്രുകളവിടെ കണ്ടു
പലതരവണ്ണപ്പകിട്ടുകളോടെ
കാപ്പുധരിച്ച വൈദികർമീതെ
വിരവൊട്ട നല്ല നടപ്പന്തലോട്ടം
കൽദായക്കാർ മെത്രാച്ചന്റെ
ഗമനംകണ്ടു ഞാനവിടന്നു
പലതരസകേറംക്കള്ളിൽനിന്നും
വന്നവിടുന്നുമെത്രാച്ചന്മാർ
മന്ത്രികറംമുഖ്യർ അണിയണിയായി
പോവതുകണ്ടു ഞാനവിടന്നു.
വെളുവെളെവിലസും കപ്പായവുമായ്
മുന്നാറോളം വൈദികർ പോയി
ആശ്വാസത്തെപ്പകരും പാട്ടുകറം
വിശ്വാസത്തൊട്ടപാടിക്കൊണ്ട്
ബാലിക ബാലർ പോവതുകണ്ടു
ഉന്നതനായി ശോഭിക്കുന്നൊരു
പീലിപ്പോസാം വൈദികനന്നു
ഗാനംപാടി വേദനമാറ്റി.
സന്ധ്യനിറങ്ങും മിന്നിവിളങ്ങി
ശോഭനിറഞ്ഞ മദ്ബാതന്നിൽ
വടിമുടിസഹിതം മൂതദേഹത്തെ
ആസനമൊന്നിൽ വടിവൊടിരുത്തി
എസ്സിക്കന്നിൽ മൈതാനത്തിൽ
ഭേതികലർന്നു വസിച്ച ജനങ്ങറം
ദുഃഖം കലരും സന്ദേശങ്ങറം
കേറംപ്പനിനായി വ്യഗ്രതപൂണ്ടു
തിരുവുടലൊട്ടവിൽ ദർശിപ്പാനായ്
ഇരുനിലമന്ദിരമകവും പുറവും

തിങ്ങിജനങ്ങളിരിപ്പതുകണ്ടു
പാലകരും പരിശോകംപൂണ്ടു
വദനംവാടി നടപ്പതുകണ്ടു
നാലാമത്തെ പ്രാർത്ഥനമദ്ധ്യേ
രണ്ടുപ്രസംഗം കേട്ടജനങ്ങൾ
റവ. ബി. ബഞ്ചമിൻ തിരുമേനിതാൻ
ചെയ്ത പ്രഭാഷണമവസാനിക്കെ
പണ്ഡിതവര്യൻ സഫ്രഗനപ്പോഴും
ഈ ദൃശമായങ്ങൾഘോഷിച്ചു
പൂജ്യത്തിന്റെയിടത്തുവശത്തോര
ക്കമെതില്ലേൽ വിലയും നാസ്തി
സുവിശേഷത്താലെല്ലാം വിട്ടൊരു
മാത്തോമ്മാക്കാരെക്കെല്ലാം കിട്ടി.
കേസ്സിൽ തോൽവികരം വന്നാലെന്തെ ?
നൂതികധനവും പോയാലെന്തെ ?
സമ്പത്തായി ക്രിസ്തുവിരിക്കുകിൽ
ധനമെമ്പാടും വന്നു കരേറും.
പള്ളികളുടനൂർ ഈശൻതന്നു
കോളയിജൈസ്ക്കുരം പലതുംതന്നു
ബീഡികോളജൊക്കെയുമുണ്ട്
അപ്പർ പ്രൈമറി പതിമ്മൂന്നാണ്
പന്ത്രണ്ടോളം ആസ്പത്രികളും
രോഗികരം വേദന മാറിടുവാനായ്
പ്രൈമറിസ്ക്കുളുകരം നൂറിപ്പുരമായ്
ഏകിയീശൻ മോദംപൂണ്ടു.
ബലഹീനക്കും സാധുക്കരംക്കും
പാത്തിടുവാനായി പലകേന്ദ്രങ്ങരം
അബ്രഹാമെന്നമൽപാനച്ചൻ
സഭയിൽ ശുദ്ധിവരുത്തിയണത്തി

പലതര ത്യാഗം ചെയ്തുതോക്ക്
വചനമതെല്ലാം കേട്ടനടക്കും
ക്ഷേജനത്തെ കൈവിടുകില്ല.
അന്ധവിശ്വാസം സഭയിൽക്കണ്ടാൽ
അന്ധാളിക്കും വിശ്വാസക്കാർ
മാതൃസാക്ഷം അത്താനാസ്യോസ്
ധീരതകാട്ടി രേണം ചെയ്തു
തോമസ്മാറങ്ങത്താനാസ്യോസ്
നേർപാതയ്ക്കുവഴിയും കാട്ടി
തീത്തൂസ് പ്രഥമൻ എത്രയൊശ്രേഷ്ഠൻ
വാതിലു പലതും തുറന്നു കൊടുത്തു
മാരാമൺ കൺവെൻഷനങ്ങനെ
വരുത്തിയീനാട്ടിനു മോദവുമേകി
കോമളരൂപൻ അത്ഭുതപുരുഷൻ
ഏബ്രഹാമെന്ന വൈദികശ്രേഷ്ഠൻ
പ്രാർത്ഥനയാലും ദൂതുകളാലും പാരിൽ
പലമാടമതിലും ഖ്യാതി പരത്തി
ആയിരത്തെണ്ണൂറെൺപത്തെട്ടിൽ
സുവിശേഷത്തിൻ സംഘംകൂടി
മാരാമണ്ണെ കൺവെൻഷനായി
ഭാരതഭൂവിൽ കീർത്തിപരന്നു
വോക്കർ സ്റ്റാൻലി ഡങ്കൻ എന്നിവർ
ദൂതുകൾ നൽകി യുണർവ്വുമേകി
സുവിശേഷത്തിൻ സംഘം എന്നു
ആവിവണ്ടിത്വരിതമായോടി
സഭയെ അന്നു നോത്തിൻഡ്യക്കു
കൊണ്ടുഗമിച്ചതുമത്ഭുതമല്ലെ.
പുരുഷർമാത്രം പോയാൽപോരാ
തരുണികളും പലരും പോയെ തീരു

എന്നതുമുലം സേവികസംഘം
സഭയിൽ സ്ഥാപിച്ചുണർവങ്ങേകി
ആത്മപുരോഗതികരുനിനച്ചു
യുവജനസംഖ്യം സ്ഥാപിച്ചിവിടെ
പലതരഗുണമീ നാടിനുനൽകി
സംഖ്യത്തിൻെറ നാവായിട്ടങ്ങു-
ത്തരമാസിക സഭയിലുമേകി
വീടും സ്ഥലവും ഇല്ലാത്തോർക്ക
പാത്തിട്ടുവാനായ് പലകേന്ദ്രങ്ങളം
നിർദ്ധന യുവതികളം സന്തോഷിപ്പാൻ
കല്യാണത്തിൻ ഫണ്ടും വന്നു
പാലയ്ക്കാട്ടെ ആശ്രമമുണ്ടായ്
ജാതികളം പലതും തിരിയേണ്ടതിനു്
അന്ത്യപ്രാർത്ഥന നേരംമധ്യേ
മൃതദേഹത്തെ പൊക്കിയെടുത്തു.
തെക്കുകിഴക്കും പടിഞ്ഞാറോട്ടും
വെമ്പൽ പുണ്ടങ്ങിവിധമരുളി
സഭയിൽ വന്ദ്യ പിതാവിന്നന്തിമ
യാത്രയുരച്ചതു നേരത്തവിടെ
കരയാത്തോരവിടൊരുവരുമില്ല.
തളരാത്തോരെ കണ്ടതുമില്ല.
യാത്രപറഞ്ഞിട്ടെന്നെന്നേക്കും
തിരശീലയ്ക്കങ്ങപ്പുറമെത്തി
കബറിലിരുത്തി ശശാശപ്പായും
തലയിൽ മുടിയടക്കംചെയ്തു,

സഭാചരിത്രസംഗ്രഹം.

മഞ്ജരി.

താരാമണ്ഡലദേശത്തിൽ പാലക്കുന്നമതിൽ
ജാതനായ" ഏബ്രഹാം മൽപ്പാനച്ചൻ
കത്തൻ സഭോനഭോമണ്ഡലഭോനമാൻ
ഉത്തമൻ കേതൻതാൻ വന്നുദിച്ചു
ഈശനാൽ സ്ഥാപിച്ച സത്യസഭയെന്നും
മാലിന്യം കൂടാതെ കാത്തിടേണം
ക്രിസ്തുവും ശിഷ്യരും നൽകിയവേദങ്ങളും
പാടെ ഹനിക്കാനായ" നോക്കി സാത്താൻ
സത്യവചനങ്ങളും എത്രപേർ വിട്ടുപോയ"
അന്ധവിശ്വാസങ്ങളും കോർത്തിണക്കി
യുദന്മാർ പണ്ടന്യജാതികളുമായി
കൂടിക്കലർന്നന്ന മാലിന്യമായ"
രാജാധി രാജനാം യാഹിനെ വിട്ടവ.
രന്യ ദേവന്മാക്ക ധൂപം കാട്ടി.
നാല്പതുനാളുകളും മോശയെകാണാഞ്ഞു
കാളതൻ രൂപത്തെ വാർത്തുണ്ടാക്കി.
കൊട്ടും കുരവയും ആർപ്പുവിളികളും
പാളയം മദ്ധ്യത്തിൽ കേട്ടടനെ
കോപം കൊണ്ടീശ്വരം മോശയും ചൊല്ലിനാൻ
യാഹിന്റെ പക്ഷക്കാരൊത്തുകൂടീൻ
കാരുണ്യം കൂടാതെ വെട്ടുവിൻ കൂട്ടരെ
തെല്ലുമെ ഭീതി വേണ്ടിന്നിവിടെ.
ഖംഗമുയർത്തീട്ട വെട്ടിയനേരത്തു.
മൂന്നുസഹസ്രങ്ങളം പട്ടു പോയി.
ഈവിധമല്ലയൊ മൽപ്പാന്റെ കോപവും

ഈശനാൽ വന്നതെന്നോർത്തുകൊണ്ട
കൊട്ടുകുരവ വെടികളുമായിട്ട.
ഘോഷിച്ചുമോടിച്ചു നാടുനീളെ
പ്രാകൃതരായുള്ള മർത്യരിലാരുമെ
ദൈവവചനങ്ങൾ നോക്കുന്നില്ല,
വണ്ടുകടിയ്ക്കുണ്ടും പുഷ്പരസമൊരു
തണ്ടുകൊതിക്കുകിൽ ലഭ്യമാമൊ ?
ശ്രുപങ്ങൾ മുമ്പിലുംകുമ്പിട്ട ക്രൈസ്തവർ
ജാതികളാചാരം കൈവരിച്ചു
അത്യന്നതിയുള്ള മാനവരെത്രപേർ
വേദോക്തിപാടെ തുജിച്ചുനിന്നു.
കാമാത്തി പൂണ്ടവർ മാലിനുമുള്ളോരായ്
താണുപോയ് വായുണ്ണീസേവമൂലം,
പാവനമായാവിശ്രുതോദിനത്തിനെ
ലംഘിച്ചുഞ്ഞൊരുപോർ ഡംഭരായി
ഞായ്റ്റേയരോടൊത്തുചേർന്നുനിന്നീടാതെ
ഏകമായ് പോർചെയ്കത്തൻശ്രുടെ
കൈതയിൽ മൽപ്പാനം ഏൽപ്രുഹാംമല്പാനു
മൊന്നായിമുന്നേവിത്യാഗംചെയ്തു
കാഹളമൂതുമ്പോൾ മുന്നേറിപ്പോകുന്നോ-
ളാത്മതുണച്ചീടാനില്ലുന്നായി.
ആയിരത്തെണ്ണൂറുമുപ്പത്തുറിലൊരു
കേസ്സു കൊടുത്തതു നിഷ്ഫലമായ്
സർവ്വജഗദീശൻ രുകുതിയും മോദവും
കേതനങ്ങേകി സഭയ്ക്കുവേണ്ടി.
എന്തിനു നീ മനഃശാന്തിയില്ലാതിങ്ങ

സന്തപ്ത ചിത്തനായ് പാത്തിടന്നു.
ഈ വിധമുള്ളതാം ഘോരുങ്ങരം തൻ മുന്പിൽ
ഈശരനം നിത്യവും ഘോരിക്കയായ്
പ്രാതിക്രൂരക്കൊട്ടുകാറിൽ തകരാതെ
കുരുബാന തക്സായും ഭേദമാക്കി.
ഭക്തിവൈരാഗ്യങ്ങരം ക്രൂടിക്രൂടിവന്നു
മുത്തപ്പൻ രൂപവും സ്തുന്യമാക്കി
വൈദികരോടന്നു പാപങ്ങരം ഗ്രന്ഥമായ്
ചൊല്ലുവാൻ പാടില്ലന്നാക്കിധന്യൻ
പുണ്യവാളന്മാരോടെന്നും ജപിക്കുന്നോ-
രേർപ്പാട്ടമന്നങ്ങു നിർത്തൽചെയ്തു.
വീട്ടകരംതോറും കൊളുത്തിയഭീപത്താ-
ലോടിയൊളിച്ചിരുളാകെയിപ്പോരം
മല്ലാനച്ചൻ തന്റെ അൻപതാം ജന്മനാരം
ഘോഷിപ്പോരാണ്ടിൽത്താനന്തരിച്ചു.
മിന്നലിൻ കാന്തിയിപ്പാരിൽപ്പരത്തിട്ട
പിരിക്കുന്ന വിട്ടുപോം മിന്നൽ ശോഭ.
മോശപോയ് പിന്നാലെയുരെനോക്കുവാൻ
യോഗ്യവാവന്നതും യാഹിനിഷ്ടം
അപ്പോളഖിലേശനേല്പത്തിനാശങ്ക-
ളൽപവുമില്ലാത്ത നിത്യമൂർത്തി
വർത്തമാനം ഭൂതഭാവികളൊക്കെസ്സ
വുകതമറിയുന്ന ദിവ്യനേത്രൻ
മൽപംനച്ചൻ തന്റെ സൂനവാം മാതൃസ്സ-
ങ്കേന്ത്യാകുമായിൽപ്പോയി പട്ടമേറ്റ
മന്നനെ കണ്ടുതാൻ കല്പനവാങ്ങാനും

ഒന്നായി നാടെങ്ങും വാഴാനായും
ചിന്തിച്ചു ചിന്തിച്ചു മുന്നേറിപ്പോകുമ്പോൾ
ഹന്ത! കൊടുങ്കാറ്റുമാഞ്ഞടിച്ചു.
കുറുങ്ങടം ചൊല്ലീട്ട കുറിലോസ് ബാവായും
സ്നേഹാനോസ് മെത്രാനും കേസ്സെടുത്തു
മന്നന്റെ കല്പന ലഭ്യമായെങ്കിലും
സത്വരം ഉർവ്വാരഖേമുണ്ടായ്
ഏബ്രാഹാം മല്പാന്റെ നിര്യാണംമൂലമായ്
തീരാത്ത വേദനയന്നുണ്ടായി.
ശീതരാജ്യത്തുള്ള കുറിലോസ് മെത്രാച്ചൻ
രോഷാകുലനായിപ്പോരുചെയ്തു
സർവ്വജഗൽപതിനിന്നടെപാതകം
ഏറ്റുയൊയത്ഭുതമോർത്തുനോക്കിൽ
മാത്യൂസ് മെത്രാച്ചന്റെ ആജ്ഞകംകേംക്കാത്തോർ
സത്വരംപള്ളികംവിട്ടപോണം
ഈവിധം സർക്കാരിൽ സക്കലരുത്തര-
വുണ്ടായി വ്യാപിച്ചുരാജ്യമാകെ
അത്താനാസ്യോസ്സ്ലാകം മാർതോമ്മസീവിധം
ഉത്തുംഗതാരമായ് കാന്തിവീശി.
മാത്യൂസത്താനാസ്യോസ് പിൻഗാമിയായിട്ട
വാഴിച്ചു ശോഭിച്ചു മുമ്പനായി.
സപ്രാഗനായിട്ടഞ്ഞൊൻപതുവർഷവും
ക്ഷേനായ് മാന്യനായ് വാണധന്യൻ
പത്തുമാറുമബ്ദം മെത്രാപ്പോലീത്തയായ്
വാണതും നാടിനും മോഗ്യമായി
ക്ഷേതിരസോദ്യമാം ഉജ്ജ്വലവാക്കിനാൽ
മാരുതൻ വീശിയീനാട്ടനീളെ
മുന്നമങ്ങാരുംമലങ്കാരരണ്ടുപേർ

ന്നേിച്ച വാണിട്ടില്ലീദ്ദശമായ്
നാടെങ്ങും ഖ്യാതിപരത്തിയനേതാക്കൾ
ത്യാഗത്തിൻ മൂർത്തികൾകർത്തൃദാസർ
മാർഗത്തിന്നാ സൽസമീതെ ചണ്ഡവാതം
ഊറാമായ് താഡനം ചെയ തുവല്ലോ.
മുൻഗാമിയോടുള്ള വിദ്വേഷംമൂലമായ്
ന്യൂനപക്ഷത്തുവേർപിരിഞ്ഞു
ടസ്റ്റികൾ പക്ഷലഞ്ഞുള്ളതാം വൻതുക
വെക്കേണമെന്നുള്ളോരാജ്ഞമൂലം
രോഷാകുലരായി പാർട്ടികളുണ്ടായി
അഗ്നിപരീക്ഷകൾ കൂടിവന്ന
തിരുനൂറിരുണ്ടിലെ പുത്തനാംപട്ടങ്ങൾ
ഏകരായ് മാന്യന്മാർ സ്വീകരിച്ചു
മൺമറഞ്ഞുള്ളതാം വ്യക്തികൾക്കായിട്ട
ൊത്താരും പ്രാർത്ഥിക്കവേണ്ടതെല്ലാം.
പാരിന്നഖിലേശനിന്നെ ഞാനന്തസ്സ
ദൈവമാം നിന്നെഞാൻവായിൽവയ്ക്കും
ഈ ദൃശ്യമായുള്ള വാചകമോരോന്നും
പാടെത്യജിക്കുവിനെന്നപൊല്ലി.
ഏവം വിധമായതൊരായ വാചകം
മാറിയതുകൗശലം ഭേദംചെയ്തു
ഇത്രമേൽ സ്വപ്രതിജ്ഞാപരനായോരു
മിത്രത്തെനാമെങ്ങുകാണും.
തോന്നുന്നുത്തിരുമേനി തന്നുടെ കാലത്തു
ശോചനീയമായ്വന്നതിലെന്തു ഖേദം
അഗ്നിപരീക്ഷകൾ മാറിയ നാഥനെ !
നിത്യവും വാഴ്ത്തുക ഭക്തരെല്ലാം
നമ്മുടെ താഴ്വയിൽ നമ്മെയങ്ങോത്തവൻ

നമ്മെയുയത്തിടാൻ പ്രാപ്തനല്ലേ
നാല്പത്തിയെട്ടിലെ ആത്മീയ മാരുതൻ
കൃപായാൽവിശിയീത്തോട്ടമാകെ
ആത്മീക പൂടിനാൽ വന്നതാം പന്ത്രണ്ടു
കേതഗണങ്ങളങ്ങേകരായ്
കല്പിച്ചേരി മേടമീതയിൽ ധ്യാനമായ്
സൽവാത്ത ഘോഷിപ്പാൻ പ്രേരിതരായ്
പാണികർക്കൃപ്പി രഹസ്സിൽ സർവ്വേശനെ!
താണുവണങ്ങുന്നീ സാധുമുമ്പിൽ
അബ്രഹാം മോശയും ഏലിയാ ഏന്നിവർ
അക്കാലത്തേക്കായി കർത്തനേകി.
ഇക്കാലത്തേക്കായി അബ്രഹാം മത്പ്പാനെ
കാരുണ്യം മൂലമായ് ഏകികർത്തൻ
മാതൃസ്ത്തിരുമേനി തോമ്മസ്ത്തിരുമേനി
കർത്തനാലാക്കിയീ നമ്മർക്കായി.
സർവ്വജഗൽപതേ! സർവേശരാ ഞങ്ങർക്ക
ഗർവ്വഹീനമെന്നും വാഴ്ത്തിടുന്നു.
ആയിരത്തെണ്ണൂറിഞ്ഞൊണ്ണൂറിമൂന്നതിൽ
തോമ്മസ്ത്തിരുമേനി കാലംചെയ്തു.
പ്രഥമനാം തീത്തുസുമാർത്തോമ്മയായിട്ട്-
വാഴിച്ച തൊണ്ണൂറിമൂന്നാമാണ്ടിൽ
ഔന്നത്യം പ്രാപിച്ചതന്നുടെ കാലത്തു
ഉന്നതസ്ഥാപനമേകിയീശൻ
കർത്തനാൽ ശോഭിച്ച മഖ്യരാമാളുകർ
പുത്തനാം പദവിനൽകിയന്നു.

ശുക്ലമാം പങ്കജത്തിലുള്ളോരു സോമൻപോൽ
നാൾക്കുനാൾ സൽസഭവൃദ്ധിനേടി
നീറിപ്പുകഞ്ഞൊരിഞ്ഞോരു കരിംകൽ
ത്താറിത്തണുത്തു പ്രശാന്തമായി
ഇത്തരമുത്തമപൈതൃകശ്രേഷ്ഠന്മാർ
എത്രയൊചിത്തങ്ങൾ പുത്തനാക്കി
മുപ്പത്തിമൂന്നബ്ദം വാഴ്വാനകാലം
സത്തമൻ ഭക്തനുഭാഗ്യമുണ്ടായി
തീത്തൂസ് ദ്വിതീയനുതൊണ്ണൂറിമൂന്നിലെ
വൃശ്ചികമാസത്തിൽ സ്ഥാനമേകി
മുൻഗാമിതന്നുടെ സഹ്രുദനായിട്ട
പത്തുമൊന്നുമബ്ദംവേലചെയ്തു.
അക്കാലം ശോഭിച്ചസഹ്രുദനെബ്രാഹാം
ആശ്രമാസമേകിതാൻ മാർത്തോമ്മായ്ക്കു"
സർവ്വജഗൽപതെ! നിന്നുടെ പാതകം
ഉർവ്വിയിലാരുമറിയുന്നില്ല
ഉർവ്വിയെന്നാസ്ഥിതയിൽ നിന്നുയർത്തിനീ
ഉർവ്വാരയാക്കിയയാഹല്ലയോ
ഉർവ്വിധിനീക്കിയീ സൽസഭ ശോഭിപ്പാൻ
ഭാഗധേയം തന്ന സവ്വശക്താ
സാധുക്കളങ്ങയെ നിത്യവും വാഴ്ത്തിടു;
തപ്പുകം കിന്നരമേന്തിക്കൊണ്ടു".
ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തതാൻ
സാരഥ്യമേറെങ്ങു ജീവൻ നൽകി.
ഭാരതമൊട്ടാകെ വാഴ്ത്തുകം ഘോഷിപ്പാൻ
ആവിഷ്കരിച്ചീതാൻ പദ്ധതികം

രാഷ്ട്രത്തിൻ നേതൃത്വം നൽകാനും മുന്നേറി
രാഷ്ട്രത്തലവന്മാർ ഏകമായി
വാഗ്മിയാം തന്നുടെ നാമം ശ്രവിപ്പോരാ-
വന്ദ്യന്റെ മുമ്പിലുമാനന്ദിച്ചു.
സുവിശേഷസംഘത്തിൻ നേതൃത്വം നൽകി
താൻ
ഭാരമേറിയേശുവും കീർത്തിയാക്കി.
ഔന്നത്യം പ്രാപിച്ചു ആശ്രമം മന്ദിരം
സേവികാസംഘവും വൃദ്ധിനേടി
രാത്രിയിൽ നിദ്രമുടക്കിയീപുണ്യവാൻ
ശ്രദ്ധമായ് പ്രാർത്ഥന ചെയ്യുപോന്നു.
പ്രശ്നങ്ങൾ കൂടുകിലജ്ജനായിട്ടപ്പോൾ
എത്തിക്കും വാർത്തകൾ നാകത്തിലും
ശ്രീവിളങ്ങിടുന്ന സൽസഭോത്തോട്ടത്തിൽ
ഭൃത്തുപോൽശോഭിച്ച പുണ്യവാനെ
ലോകാന്ത്യമെന്നാണൊ അന്നുള്ളനായകനെ
മാർത്തിട്ടം പാരിലെമർത്ത്യരെല്ലാം.

ശ്രുചീകരണ പ്രസ്ഥാനം.

അബ്രഹാം മല്പാൻ 1796—1845

1)	മാത്യൂസ് മാർ അത്താനാസ്യോസ്	1843—1877
2)	തോമ്മസ് മാർ അത്താനാസ്യോസ്	1877—1893
3)	തീത്തൂസ് പ്രഥമൻ മാത്തോമ്മാ	1893—1910
4)	തീത്തൂസ് ദ്വിതീയൻ മാത്തോമ്മാ	1910—1943
5)	ഏബ്രഹാം മാത്തോമ്മാ	1943—1947
6)	ഡോ: യൂഹാനോൻ മാത്തോമ്മാ	1947—1976
7)	ഡോ: അലക്സാണ്ടർ മാത്തോമ്മാ	1976—

മലങ്കര സഭാചരിത്രം

(7 ഘട്ടങ്ങളാ)

I ആദ്യത്തെ 15 ശതാബ്ദങ്ങൾ. നെസ്റ്റോറിയൻ ബന്ധം.

II പോർട്ടുഗീസുകാരുടെ കാലം.
റോമൻ കത്തോലിക്കരുമായുള്ള ബന്ധം.

III യാക്കോബായ ബന്ധം

IV ആഗ്ലേയസഭയുമായുള്ള ബന്ധം.

V ശ്രുചീകരണ പ്രസ്ഥാനം അഥവാ
അബ്രഹാം മല്പാന്റെ നവീകരണം.

VI മാത്യൂസ് മാർ അത്താനാസ്യോസ് മുതൽ സഭയെ
രേഖപ്പെടുത്തിയവരുടെ കാലം.

VII ഇന്നത്തെ മാത്തോമ്മാ സഭ.